പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 118 — 10.06.2013-ൽ മറുപടിക്ക്

## ചാരായ നിരോധന പ്രഖ്യാപനത്തെ തുടർന്ന് തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

=====================================================

| | | |
|---|---|---|
| (എ) 1995-ലെ ചാരായ നിരോധന പ്രഖ്യാപനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) യും, (ബി) യും | ചാരായ നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ചാരായതൊഴിലാളികളിൽ ആർക്കും തൊഴിൽ നല്കിയിട്ടില്ല. എന്നാൽ, ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടതും, ജീവത്യാഗം ചെയ്തതുമായ മുൻചാരായത്തൊഴിലാളികളുടെ ആശ്രിതരായ ആൺമക്കൾക്ക് നിയമനം നല്കുന്നതിനുവേണ്ടി, അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ തയ്യാറാക്കി നല്കിയ പട്ടികയിൽ ഉൾപ്പെട്ടിരുന്ന 267 പേർക്ക്, 2.3.2006-ലെ ജി.ഒ.( ആർ.റ്റി). നമ്പർ 124/2006/റ്റി.ഡി., 30.4.2009-ലെ ജി.ഒ. (ആർ.റ്റി). നമ്പർ 399/2009/റ്റി.ഡി., 14.2.2013-ലെ ജി.ഒ (എം.എസ്).നമ്പർ 21/2013/റ്റി.ഡി. എന്നീ സർക്കാർ ഉത്തരവുകളനുസരിച്ച്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമന ഉത്തരവുകൾ നല്കിയിരുന്നു. ചാരായ നിരോധനത്തോടെ തൊഴിൽ നഷ്ടപ്പെട്ട ചാരായതൊഴിലാളികൾക്ക് ആർക്കും പുനരധിവാസത്തിന്റെ ഭാഗമായി തൊഴിൽ നല്കിയിട്ടില്ല. |
| (ബി) പുനരധിവാസത്തിന്റെ ഭാഗമായി എത്ര തൊഴിലാളികൾക്ക് ബിവറേജസ് ഔട്ട്ലറ്റുകളിൽ നിയമനം നല്കിയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ